അടിസ്ഥാനത്തിൽ അമിത പലിശ ഈടാക്കുന്ന വ്യക്തികളുടെ വീടുകളും പണമിടപാട് സ്ഥാപനങ്ങളും മറ്റും നിയമാനുസരണം റെയ്ഡുകൾ നടത്തിയും തെളിവുകൾ ശേഖരിച്ച് കേസ് രജിസ്റ്റർ ചെയ്യും മറ്റും നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇത്തരം പരാതികൾ അതീവ ജാഗ്രതയോടെ കൈകാര്യം ചെയ്യുകയും അടിയന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

ഓപ്പറേഷൻ കുബേര

233 (234) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേര പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ ; വിശദമാക്കാമോ ;

(ബി) ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര പേരുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഇതിൽ, ഇന്ത്യൻ ശിക്ഷാനിയമം അനുശാസിക്കുംപ്രകാരം വഞ്ചന, വ്യാജരേഖ ചമയ്ക്കൽ, അധികാരപ്രയോഗിച്ച് ഭീഷണി, വധ ഭീഷണി തുടങ്ങിയ വകുപ്പുകൾ ചേർത്ത് എത്ര പേർക്കെതിരെ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) മണി ലെൻഡിംഗ് ആക്ടിലെ 17, 18 വകുപ്പുകൾ മാത്രം ചേർത്ത് എത്ര പേർക്കെതിരെ കേസ്സ് ചാർജ്ജ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഓപ്പറേഷൻ കുബേര പദ്ധതി ഇപ്പോഴും തുടരുന്നുണ്ട്. ഇതിന്റെ ഒന്നാം ഘട്ടം 11-5-2014 മുതൽ 16-9-2014 വരെയും രണ്ടാം ഘട്ടം 17-9-2014 മുതൽ ഇപ്പോഴും തുടരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2854 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 2027 പേരുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ഇതിൽ ഇന്ത്യൻ ശിക്ഷാ നിയമം അനുശാസിക്കും പ്രകാരം വഞ്ചന, വ്യാജ രേഖ ചമയ്ക്കൽ, അധികാരപ്രയോഗിച്ച് ഭീഷണി, വധഭീഷണി തുടങ്ങിയ വകുപ്പുകൾ ചേർത്ത് 1346 പേർക്കെതിരെ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്.

(ഡി) മണി ലെൻഡിംഗ് ആക്ടിലെ 17, 18 വകുപ്പുകൾ മാത്രം ചേർത്ത് 571 പേർക്കെതിരെ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly